# നാളികേര ബോർഡിന്റെ പഠനറിപ്പോർട്ട് കേരകർഷകർക്ക് പ്രതീക്ഷ പകരുന്നത്

കൊച്ചി: കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ നാളികേരോത്പാദനത്തിൽ 2012-13 വർഷത്തിൽ ഗണ്യമായ കുറവുള്ളതായി നാളികേര വികസന ബോർഡിന്റെ പഠന റിപ്പോർട്ടിലെ വെളിപ്പെടുത്തൽ കേരളത്തിലെ കേരകർഷകന് പ്രതീക്ഷയ്ക്ക് വക നൽകുന്നു. ക്വിന്റലിന് 7,000 രൂപയിലേക്ക് ഉയർന്ന വെളിച്ചെണ്ണവില വരും മാസങ്ങളിലും ഓണ വിപണിയിലും ഉയരാനുള്ള സാധ്യതയാണ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്.

തമിഴ്നാട്ടിൽ 16 ശതമാനം ഉത്പാദനക്കുറവുണ്ടായതിനാൽ അവിടെനിന്നുള്ള വെളിച്ചെണ്ണയുടെ വരവ് കുറഞ്ഞു. കർണാടകയിലെ ഉത്പാദനത്തിൽ 12 ശതമാനം കുറവുണ്ടായതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു. നാളികേര വികസന ബോർഡും കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളും സംയുക്തമായി നടത്തിയ പഠനത്തിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.

കേരളത്തിൽ 2012 നവംബറിലും തമിഴ്നാട്ടിൽ 2013 ഫെബ്രുവരിയിലും കർണാടകയിൽ 2013 ജൂണിലുമാണ് സർവേ നടത്തിയത്. കേരളത്തിലെ വിവരശേഖരണം നവംബറിൽ നടന്നതിനാൽ വരൾച്ച മൂലമുണ്ടായ നഷ്ടങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതുപ്രകാരം കേരളത്തിൽ നേരിയ ഉത്പാദന വർധന കാട്ടിയെങ്കിലും അയൽ സംസ്ഥാനങ്ങളിലെ നാളികേരത്തിന്റെ ലഭ്യതക്കുറവുമൂലം കേരോത്പന്നങ്ങൾക്ക് ഇനിയൊരു വിലത്തകർച്ച ഉണ്ടാവാൻ സാധ്യതയില്ലെന്നാണ് പഠനഫലങ്ങൾ വ്യക്തമാക്കുന്നത്. ഇത് സംസ്ഥാനത്തെ കേരകർഷകർക്ക് ഏറെ ശുഭകരമായ വാർത്തയാണ്.